**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **27-07-2021 - ൽ മറുപടിയ്ക്ക്**

**കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ സ്പെഷ്യൽ അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ വിഭാവനം ചെയ്ത സ്പെഷ്യൽ അംഗൻവാടി എന്റോസൾഫാൻ ബാധിത പഞ്ചായത്തായ കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും എത്തിച്ചേരാൻ സൗകര്യമുള്ള 142 അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്ന്) തെരെഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിനും ടി അങ്കണവാടികൾക്ക് barrier free accessibility സൗകര്യം ഒരുക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യം ഒരുക്കുന്നതിനുമായി ഒരു അങ്കണവാടിയ്ക്ക് രണ്ട് ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് സ.ഉ(സാധാ)നം.335/2021/സാനീവ തീയതി 21.05.2021 പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് 142 അങ്കണവാടികളെ സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിലേക്കായി അങ്കണവാടികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രോഗ്രാം ഓഫീസ് മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്. ടി അങ്കണവാടികളിൽ കാസർഗോഡ് ജില്ലയിൽ നീലേശ്വരം ഐസിഡിഎസ് പ്രോജക്ടിലെ കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൽ സെന്റർ നമ്പർ11 ചീമേനി അങ്കണവാടി ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- തെരഞ്ഞെടുത്ത അങ്കണവാടികളെ സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിന് ആവശ്യമായ തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 335/2021/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 21/05/2021**

---

പരാമർശം: 1. സ.ഉ(പി)നം. 8/2019/ധന തീയതി 05.02.2019.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 12.04.2021 ലെ ഐസിഡിഎസ്/ബി1/39936/13 നമ്പർ കത്ത്.

3. 21.04.2021 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികൾ വഴിയാണ് ഐ സി ഡി എസ് പദ്ധതിയിലെ വിവിധ സേവനങ്ങൾ ഗുണഭോക്താക്കൾക്കായി നൽകി വരുന്നത്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പല കാരണങ്ങൾ കൊണ്ടും ഈ പദ്ധതിയുടെ സേവനം ലഭിക്കാതെ വരുന്നതിനാലും, അത്തരത്തിലുള്ള കുട്ടികളുടെ ചികിത്സക്കും ആരോഗ്യ പരിരക്ഷക്കുമായി അങ്കണവാടികൾ മുഖേനയുള്ള പ്രത്യേക സേവനങ്ങൾ ഒന്നും തന്നെ നിലവിൽ സജ്ജീകരിച്ചിട്ടില്ലാത്തതിനാലും MR, Autism, Cerebral palsy. multiple Disorder, etc എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതിയിൽക്കൂടി പ്രത്യേക പരിരക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുമുള്ള സാഹചര്യത്തിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും എത്തിച്ചേരാൻ സൗകര്യമുള്ള അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്നും) തെരെഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റാവുന്നതാണെന്നും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ധർ മുഖേന കൗൺസിലിംഗും ഓരോ സ്പെഷ്യൽ അങ്കണവാടികളിലും സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനവും ഉൾപ്പെടുത്താവുന്നതാണെന്നും വനിതാ ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(2) സ്പെഷ്യൽ അങ്കണവാടികളെ കണ്ടെത്തുമ്പോൾ ബഡ് സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നിന്നും കണ്ടെത്താവുന്നതും ചുവടെ പറയുന്ന അടിസ്ഥാന/ഭൗതിക സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതുമായിട്ടുണ്ട്.

- സ്പെഷ്യൽ അങ്കണവാടികൾക്ക് ചുറ്റുമതിൽ സൗകര്യങ്ങളോടുകൂടിയ മെച്ചപ്പെട്ട കെട്ടിടവും സ്ഥല ലഭ്യതയും ഉണ്ടായിരിക്കണം .
- Barrier free access to the Special Anganawadies and within the Anganawadi
- അങ്കണവാടി കെട്ടിടത്തിന് ക്ലാസ്സ് റൂം, പ്ലേ ഏരിയ ,തെറാപ്പിക്കുള്ള സൗകര്യം എന്നിവ ഉണ്ടായിരിക്കണം .
- അങ്കണവാടി കെട്ടിടത്തിൽ റാംപ്, റെയിൽ സൗകര്യവും സ്ഥല സൗകര്യവും ഉണ്ടായിരിക്കണം.
- അങ്കണവാടി കെട്ടിടം.
    - Drinking water, furniture, washing facilities
    - Slip resistant floor, windows with grill
    - Electrified Nature friendly എന്നിവ ഉറപ്പുവരുത്തേണ്ടതാണ് .
- സ്പെഷ്യൽ അങ്കണവാടികളിൽ വിഭിന്ന ശേഷി കുട്ടികൾക്കായുള്ള പ്രീ-പ്രൈമറി ആക്ടിവിറ്റിക്കുള്ള സൗകര്യം.
- Pictured walls, Special Charts, Jumbo Numbers, Puzzles, Flash Cards, Toys for children with special needs എന്നിവ നൽകാവുന്നതാണ്.
- ഒരു സ്പെഷ്യൽ അങ്കണവാടിയിൽ കുറഞ്ഞത് ഒരു വീൽ ചെയർ ഉണ്ടായിരിക്കണം .
- സ്പെഷ്യൽ അങ്കണവാടികളിൽ ഭിന്നശേഷി സൗഹൃദമായ ടോയ് ലെറ്റ് സൗകര്യം ഉണ്ടായിരിക്കണം.
- തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന skilled staff 'ന്റെ സേവനം ലഭ്യമാക്കണം.

(3) സ്പെഷ്യൽ അങ്കണവാടികൾക്ക് barrier free access facility സൗകര്യം ഒരുക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Construction of ramp, disabled friendly toilet, Partitions, Handrails, and Allied construction for making barrier free | Rs.1,00,000.00/- |
| Purchase of special furnitures, wheel chair, other equipments, landscaping, and allied works | Rs.1,00,000.00/- |
| TOTAL | Rs.200000.00/-Per Anganwadi |

(4) ഇപ്രകാരം സ്പെഷ്യൽ അങ്കണവാടികൾക്ക് barrier free access facility സൗകര്യം, ഒരുക്കുന്നതിന് ഒരു അങ്കണവാടിക്ക് Rs. 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) നിരക്കിൽ 142

അങ്കണവാടികൾക്ക് barrier free access facility സൗകര്യം ഒരുക്കുന്നതിന് 142 x 2,00,000 = Rs. 2,84,00,000/- (രണ്ട് കോടി എൺപത്തിനാല് ലക്ഷം രൂപ മാത്രം) ആവശ്യമായി വരും. ഇതിലേക്ക് ആവശ്യമായ തുക 60:40 അനുപാതത്തിൽ ചെലവഴിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം 60% കേന്ദ്ര വിഹിതമായ 1,70,40,000 /- രൂപയും 40 % സംസ്ഥാന വിഹിതമായ 1,13,60,000/- രൂപയും ചേർത്ത് ആകെ 2,84,00,000 /- രൂപ (രണ്ട് കോടി എൺപത്തിനാല് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-33(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) 21.04.2021 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് ഗോഗത്തിൽ പ്രസ്തുത പ്രൊപോസൽ അംഗീകരിച്ചിട്ടുണ്ട്.

(6) മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ അങ്കണവാടി barrier free access facility സൗകര്യം ഒരുക്കുന്നതിന് 31.03.2022 ന് മുൻപ് പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, ഒരു അങ്കണവാടിക്ക് Rs. 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) നിരക്കിൽ 142 അങ്കണവാടികൾക്ക് barrier free access facility സൗകര്യം ഒരുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രകാരം 60% കേന്ദ്ര വിഹിതമായ 1,70,40,000 /- രൂപയും 40 % സംസ്ഥാന വിഹിതമായ 1,13,60,000/- രൂപയും ചേർത്ത് ആകെ 2,84,00,000 /- രൂപ (രണ്ട് കോടി എൺപത്തിനാല് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-33(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ